

# മെത്രാപ്പോലീത്തായുടെ കത്ത്

(ജൂലൈ - 2017)

കർത്താവിൽ പ്രിയരേ,

പ്രതീക്ഷകളുണർത്തി കാലവർഷം ഹർഷാരവത്തോടെ സമാഗതമായി. ഈ വർഷത്തെ കാലവർഷം കേരളത്തിന്റെ വിവിധ ഇടങ്ങളിൽ നല്ല അനുഗ്രഹ മാരിയായി പെയ്തെങ്കിലും നമ്മുടെ ജലസംഭരണികൾ സ്ഥിതിചെയ്യുന്ന ഹൈറേഞ്ചിലെ വൃഷ്ടി പ്രദേശങ്ങളിൽ ശക്തമായി മഴ ലഭിച്ചില്ല എന്നത് ഈ വർഷത്തെ ഒരു പ്രത്യേകതയായിരുന്നു. മഴ പലയിടങ്ങളിൽ ലഭിച്ചെങ്കിലും ആകർഷകമായ ജലധാരാ ദൃശ്യങ്ങൾ ലഭ്യമായില്ലാ എന്നതും ഒരു വസ്തുതയാണ്. മഴയുടെ അളവിൽ വന്ന കുറവാണ് നമ്മുടെ ജലധാരകളെ ശുഷ്കമാക്കിയത്. അതുകൊണ്ട് കണ്ണുകൾക്ക് ആനന്ദവും ഹൃദയങ്ങൾക്ക് കുളിർമ്മയും നൽകുന്ന ജലധാരകളുടെ അഭാവം സംഭവിച്ചു. പുതുവെള്ളം കടന്നുവരുമ്പോൾ നമ്മുടെ നദികളിൽ മത്സ്യങ്ങൾ തുള്ളിച്ചാടുന്ന ദൃശ്യങ്ങളും ഈ വർഷം അധികം കാണുവാൻ കഴിഞ്ഞില്ല. നദികളിലെ ജല ദൗർലഭ്യം മത്സ്യങ്ങളുടെ വംശവർദ്ധനവിനെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. മത്സ്യങ്ങളുടെ വർദ്ധനവിനുവേണ്ടി ഗവണ്മെന്റിന്റെ ഒരു പദ്ധതിയായി പ്രത്യേകയിനം മത്സ്യങ്ങളെ നദികളിൽ കൊണ്ടുപോയി നിക്ഷേപിക്കുന്ന ഒരു രീതി ഇടക്കാലത്ത് സംഭവിച്ചിട്ടുണ്ട്. എന്നാൽ ഈ മത്സ്യങ്ങൾ നദികളിലെ നാടൻ മത്സ്യങ്ങളെ ഇരകളാക്കാറുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. തന്മൂലം നമ്മുടെ നാടൻ മത്സ്യങ്ങളുടെ പലയിനങ്ങളും ഇന്ന് വംശനാശം സംഭവിച്ചിരിക്കുന്നു എന്നത് സൂക്ഷ്മ നിരീക്ഷണം നടത്തുന്നവർക്ക് മനസ്സിലാക്കാൻ കഴിയും. തുടർന്നു വരുന്ന മിഥുനം, കർക്കിടകം നാളുകളിൽ നമ്മുടെ ഹൈറേഞ്ച് മേഖലയിലുള്ള വൃഷ്ടി പ്രദേശങ്ങളിൽ സമൃദ്ധമായ മഴ ലഭിച്ച് നാട് സമ്പന്നമാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. ജലം അമൂല്യമാണ് എന്ന തിരിച്ചറിവ് നമുക്ക് എപ്പോഴും ഉണ്ടാകേണ്ടതാണ്. നമ്മുടെ ജലസമ്പത്ത് മലിനമാകാതെ സൂക്ഷിക്കേണ്ടത് നമ്മുടെ പൗരധർമ്മം തന്നെയാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരിൽ അറിയപ്പെടുന്ന നമ്മുടെ കേരളം ഇന്ന് കൊതുകുകളുടെ സ്വന്തം നാടായി മാറിയിരിക്കുകയാണല്ലോ. ഇതിനൊരു പ്രധാന കാരണം നമ്മുടെ നാടിന്റെ പലയിടങ്ങളിലും മാലിന്യ കൂമ്പാരങ്ങൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതുതന്നെയാണ്. ഇങ്ങനെയുള്ള മാലിന്യ കൂമ്പാരങ്ങൾ മഴക്കാലങ്ങളിൽ പകർച്ചവ്യാധി പോലുള്ള ദുരന്തങ്ങൾ സൃഷ്ടിക്കുന്ന കൊതുകുകളുടെ ആവാസകേന്ദ്രമായി മാറുന്നതാണ് നമ്മുടെ നാടിന്ന് പനിപിടിച്ചു കിടക്കുവാനുള്ള ഒരു പ്രധാന കാരണം. കൊതുകു നിവാരണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഉത്സാഹിക്കേണ്ടതാണ്. കർശനമായ നിർദ്ദേശങ്ങൾ ഭരണതലത്തിൽ നിന്നും നൽകുന്നതുകൊണ്ടു മാത്രം പരിഹരിക്കപ്പെടാവുന്ന പ്രശ്നമല്ല ഇത്. മാലിന്യനിർമ്മാർജ്ജനം എന്നത് ഓരോ പൗരനും തന്റെ പൗരധർമ്മമായി കണ്ട് ഉത്തരവാദിത്വം നിറവേറ്റുമ്പോൾ മാത്രമേ ഈ പ്രശ്നത്തിന് കാര്യമായ ഒരു പരിഹാരം കാണുവാൻ സാധിക്കുകയുള്ളു.

കാലവർഷത്തിന്റെ അനുഗ്രഹമേറ്റുവാങ്ങി നമ്മുടെ പുതിയ വിദ്യാലയവർഷത്തിന് തുടക്കമായി. ആയിരമായിരം പിഞ്ചോമനകൾ ആർഭാടപൂർവ്വം ആഘോഷപൂർവ്വം വിദ്യയുടെ മധു നുകരാൻ സ്കൂളുകളിലേക്ക് എത്തി. ഇപ്രാവശ്യം സംസ്ഥാന ഗവണ്മെന്റ് സ്കൂളുകൾക്ക് നൽകിയ പുതിയ വാഗ്ദാനങ്ങൾ കൂടുതൽ കുട്ടികളെ ഗവണ്മെന്റ് സ്കൂളുകളിലേക്ക് ആകർഷിക്കാൻ സഹായകരമായിത്തീർന്നു. വാഗ്ദാനങ്ങളെല്ലാം വാഗ്ദാനങ്ങളായി മാത്രം നിൽക്കാതെ യാഥാർത്ഥ്യമായി പരിണമിക്കുവാനും അതിന്റെ നല്ല ഫലങ്ങൾ സ്കൂളുകളിൽ പ്രതിഫലിക്കാനും ഇടയാകട്ടെ എന്നും ആശംസിക്കുന്നു. കഴിഞ്ഞ വർഷത്തെ പരീക്ഷാ ഫലങ്ങൾ ഗുണപരമായ മാറ്റത്തിന്റെ നല്ല സൂചനകൾ നൽകുന്നവയാണ്. മോഡറേഷൻ കൂടാതെ തന്നെ മികച്ച റിസൾട്ട് നേടുവാൻ കഴിഞ്ഞാൽ അത് നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുവാൻ ഇടയായിത്തീരും. ദൈവം തന്നിരിക്കുന്ന അഭിരുചികൾക്കനുസരിച്ചുള്ള പഠനമേഖലകൾ തിരഞ്ഞെടുക്കുവാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞാൽ ആ രംഗത്ത് അവർക്ക് ഉന്നത വിജയം കരസ്ഥമാക്കാനും ആ അഭിരുചികൾക്കനുസരിച്ചുള്ള തൊഴിൽമേഖലകളിൽ പ്രവർത്തിച്ച് രാഷ്ട്രപുരോഗതിയിൽ പങ്കാളികളാകുവാനും സാധിക്കും. ഇതത്രെ ഏറ്റവും അഭികാമ്യമായ സമീപനം എന്ന് തിരിച്ചറിയുവാൻ രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

നമ്മുടെ തിരുവല്ല സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിപ്ലോമാ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്.) കോഴ്സിന് മുൻ വർഷങ്ങളേക്കാൾ കൂടുതലായി അപേക്ഷകർ ഈ വർഷം എത്തിച്ചേരുകയുണ്ടായി. നമ്മുടെ ടി.ടി.ഐ.യിൽ പഠിച്ച് പുറത്തിറങ്ങുന്ന അദ്ധ്യാപക വിദ്യാർത്ഥികൾ കേരളത്തിന് അകത്തും പുറത്തും വിവിധ സ്കൂളുകളിൽ അദ്ധ്യാപകരായി ജോലിയിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെനിന്നും പഠിച്ചിറങ്ങുന്നവർക്ക് വിവിധ സ്കൂളുകളിൽ ലഭിക്കുന്ന സ്വീകാര്യത തന്നെയാണ് നമ്മുടെ ടി.ടി.ഐ. യിൽ ചേർന്നു പഠിക്കുവാൻ പലർക്കും പ്രചോദനമായി തീരുന്നത് എന്നതിൽ നമുക്ക് വളരെയധികം സന്തോഷമുണ്ട്.

നമ്മുടെ ചുങ്കത്തറ കോളേജിൽ കൊമേഴ്സ് വിഭാഗത്തിന് ഒരു ഗവേഷണ വിഭാഗം കോഴിക്കോട് യൂണിവേഴ്സിറ്റി അനുവദിക്കുകയുണ്ടായി. ഇതിന്റെ പ്രവർത്തനോദ്ഘാടനം കഴിഞ്ഞ ദിവസം നടത്തുന്നതിന് ഇടയായി. സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യു മായി ചേർന്ന് ചുങ്കത്തറ കോളേജിൽ ഒരു ഗ്രിഡ് കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതിയുടെ ഉദ്ഘാടനവും നിർവ്വഹിച്ചു. ഈ വർഷം നമ്മുടെ എല്ലാ കോളേജുകളിലും ഡിഗ്രി പ്രവേശനത്തിന് കൊമേഴ്സ് വിഭാഗത്തിനും ലിറ്ററേച്ചർ വിഭാഗത്തിലും വളരെയധികം തിരക്കനുഭവപ്പെട്ടു. നമ്മുടെ പരമ്പരാഗത കോഴ്സുകളിൽ പ്രതിഭാശാലികളായ വിദ്യാർത്ഥികൾ ചേർന്നു പഠിച്ചെങ്കിൽ മാത്രമേ ഭാവിയിൽ അദ്ധ്യാപക സമൂഹത്തിന്റെ മേന്മ നിലനിർത്തുവാൻ കഴിയുകയുള്ളൂ എന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ പഠനവിഷയം തിരഞ്ഞെടുക്കുന്നവരുടെ ശ്രദ്ധ പ്രത്യേകം ഉണ്ടാകേണ്ടതാണ്. കാലഘട്ടത്തിന്റെ ചലനങ്ങൾ ബോദ്ധ്യപ്പെടുന്ന രീതിയിൽ പരമ്പരാഗത വിഷയങ്ങളിൽ ഗവേഷണ ബിരുദം നേടേണ്ടതും പിന്നീട് കോളേജുകളിലും മറ്റും നേതൃസ്ഥാനങ്ങളിൽ എത്തിച്ചേരേണ്ടതിന് അനിവാര്യമാണ് എന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ ബിരുദധാരികൾ സിവിൽ സർവ്വീസ് പരീക്ഷയിലും നാഷണൽ ഡിഫൻസ് അക്കാദമി, എയർഫോഴ്സ് ട്രെയിനിംഗ് എന്നീ മേഖലകളിലും ഐ.ടി. മേഖലകളിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് രാഷ്ട്ര പുരോഗതിക്കും അനിവാര്യമായ ഘടകമാണ്.

ഇളംകുളം മാർത്തോമ്മാ ഇടവകാംഗമായ ആൻ മേരി ജോർജ്ജ് ഈ വർഷത്തെ സിവിൽ സർവ്വീസിൽ ശ്രദ്ധേയമായ നേട്ടം കരസ്ഥമാക്കി എന്നതിൽ സഭയ്ക്കുള്ള അഭിനന്ദനം അറിയിക്കുന്നു.

വെല്ലൂർ മെഡിക്കൽ കോളേജിന്റെ വിപുലീകരണ പദ്ധതികളുടെ ഭാഗമായി കോളേജിൽ നിന്നും ഏകദേശം 15 കി.മീ. അകലെ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾക്കു വേണ്ടി ഒരു കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരു വൻ പ്രോജക്റ്റിന്റെ പണി ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അവിടെ രോഗികളായി എത്തുന്നവർക്ക് സഹായത്തിന്റെ കരങ്ങൾ നീട്ടുവാൻ ഒരു ഗൈഡൻസ് സെന്റർ ഈ പുതിയ മേഖലയിൽ ആരംഭിക്കുവാനുള്ള ശ്രമം നാം സഭയായി ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അവിടെ സ്ഥലം ലഭ്യമാകാനുള്ള സാധ്യത തെളിഞ്ഞുവരുന്നുണ്ട്. അത് സാധ്യമാകണമെങ്കിൽ സുമനസുകളായ സഭാ ജനങ്ങളുടെ ഹൃദയപൂർവ്വമായ സഹായസഹകരണങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ സഭയിൽ വളരെ സമർപ്പണബോധത്തോടും ശാന്തതയോടുംകൂടി അനുഗൃഹീത സേവനമനുഷ്ഠിച്ച, തുമ്പമൺ-മുട്ടം ശാലേം മാർത്തോമ്മാ ഇടവകാംഗമായ മുളമൂട്ടിൽ പീടികയിൽ ദിവ്യശ്രീ റോയി മാത്യു കശ്ശീശാ (53) 2017 ഏപ്രിൽ 29-ാം തീയതി കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മെയ് 3-ാം തീയതി നടന്നു. അച്ചന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന ബസ്ക്യാമ്മയോടും കുഞ്ഞുങ്ങളോടുമുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു. അച്ചൻ തന്റെ ശുശ്രൂഷാ കാലയളവിൽ 10 വർഷത്തോളം പള്ളിപ്പാട് ദീപ്തി ബാലികാഭവൻ സൂപ്രണ്ടായും ശ്രേഷ്ഠമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഈ സംവത്സരം നമ്മുടെ സഭയിൽ 40 പേർ കശ്ശീശാസ്ഥാനം സ്വീകരിച്ച് പട്ടത്വ ശുശ്രൂഷയിലേക്ക് നിയോഗിതരാവുകയാണ്. മഹനീയവും പാവനവുമായ പട്ടത്വശുശ്രൂഷ ഉത്തമ കാര്യവിചാരകത്വത്തോടുകൂടി, വിളിച്ച് വേർതിരിച്ച ക്രിസ്തുവിനോടു ചേർന്ന്, ക്രിസ്തുവിന്റെ ശരീരമായ സഭയിൽ നിർവ്വഹിക്കുവാൻ ദൈവം എല്ലാവരെയും കൃപ നൽകി ബലപ്പെടുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ വർഷം 18 പട്ടക്കാർ സജീവ സേവനത്തിൽ നിന്നു വിരമിച്ചു. ജൂലൈ 31 നകം 3 വികാരി ജനറാൾമാരും സജീവസേവനത്തിൽ നിന്ന് വിരമിക്കുകയാണ്. ആഗസ്റ്റ് 1 മുതൽ വികാരി ജനറാൾ എന്ന സ്ഥാനത്ത് സജീവസേവനത്തിൽ ആരുമില്ലാതെ വരുന്നതുമൂലം ഭരണ രംഗത്ത് ഉണ്ടാകുന്ന വിടവുകൾ നികത്തുന്നതിന് ആവശ്യമായ ദൈവകൃപ ലഭിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. ലഭിച്ച എല്ലാ ശുശ്രൂഷകൾക്കും അഭിനന്ദനം അറിയിക്കുന്നു.

Kasaragod Mar Thoma College for the Hearing Impaired ന്റെ അഫിലിയേഷൻ നഷ്ടപ്പെട്ടിരുന്നെങ്കിലും കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പ്രത്യേക പരിഗണയിൽ B.Com with Computer Application കോഴ്സിന് അഫിലിയേഷൻ പുന:സ്ഥാപിക്കുവാൻ കഴിഞ്ഞു എന്നത് സന്തോഷകരമായ ഒരു അനുഭവമാണ്. ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ നേതൃത്വം വഹിച്ച ദിവ്യശ്രീ എ.ജി. മാത്യു കശ്ശീശായെയും സഹപ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

സഭാ മണ്ഡലത്തിലേക്കും കൗൺസിലിലേക്കും സഭയുടെ വിവിധ ഭരണസമിതികളിലേക്കും തെരഞ്ഞെടുപ്പുകൾ നടക്കുന്ന കാലഘട്ടമാണല്ലോ ഇത്. വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻ ഒരുങ്ങുന്നവർ അതുമായി ബന്ധപ്പെട്ട് പുറത്തിറക്കുന്ന ലഘുലേഖകളിൽ ഒരു കാരണവശാലും സഭയുടെ ഔദ്യോഗിക എംബ്ലം ഉപയോഗിക്കുവാൻ പാടില്ല. നമ്മുടെ രാജ്യത്തിന്റെ ഔദ്യോഗിക എംബ്ലം ഉപയോഗിക്കുന്നത് സംബന്ധിച്ച് ഭാരതനിയമം The State Emblem of India (Prohibition of Improper Use) Act 2005 ന്റെ മൂന്നും നാലും വകുപ്പുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം സഭയുടെ കാര്യത്തിലും പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് അരുളി ചെയ്ത രണ്ട് വചനങ്ങൾ സഭയുടെ ദൗത്യവും കാര്യവിചാരകത്വവും എന്തെന്ന് വ്യക്തമാക്കിത്തരുന്നതാണ്. "യേശു അടുത്തുചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു" (മത്തായി 28:18-20). ഈ വാക്യത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലുള്ള സ്നാപനമെന്നത് പിൽക്കാലത്ത് ഏതോ ഭക്തന്മാർ എഴുതിച്ചേർത്തതാണെന്ന അഭിപ്രായം ചിലർക്കുണ്ടെങ്കിലും അതിനേക്കാൾ പ്രസക്തമായത് "ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ" എന്ന കല്പനയാണ്. എന്നാൽ അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിൽ യേശു നല്കുന്ന കല്പന കൂടുതൽ പ്രസക്തമാണ്. "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യായിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും

എന്നു പറഞ്ഞു" (അപ്പൊ.പ്ര. 1:8). ശിഷ്യത്വത്തിലൂടെ ക്രിസ്തീയ കാര്യവിചാരകത്വം നിർവ്വഹിപ്പാനാണ് കർത്താവ് നമ്മെ നിയോഗിക്കുന്നത്. ഈ ശിഷ്യത്വത്തിന്റെ കാര്യവിചാരകത്വത്തിലൂടെയാണ് നമ്മുടെ സാക്ഷ്യം ലോകത്തിന് വെളിപ്പെടേണ്ടത്. നമുക്ക് ദൈവം നൽകിയിരിക്കുന്ന കൃപയും കഴിവും കൂടുതൽ ജ്വലിപ്പിക്കുവാൻ നമുക്ക് സാധിക്കണം. ശിഷ്യത്വത്തിൽ നാം വളരുന്നത് അങ്ങനെയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുമ്പോഴാണ് നമുക്ക് സകല സത്യത്തിലും വഴി നടക്കുവാൻ ശക്തി ലഭിക്കുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് പറയുമ്പോൾ കർത്താവ് വളരെ വ്യക്തമായിത്തന്നെ പരിശുദ്ധാത്മാവിന്റെ ദൗത്യത്തെക്കുറിച്ചും സൂചിപ്പിക്കുന്നു. "എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ. 14:26). ഇന്നും പരിശുദ്ധാത്മാവ് ഈ ദൗത്യം നമ്മിൽ ഓരോരുത്തരിലും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നമ്മൾ പുതിയ സൃഷ്ടികളായി രൂപപ്പെടുമ്പോഴാണ് നമ്മുടെ സാക്ഷ്യം ഏറ്റവും ശക്തമായി വെളിപ്പെടുന്നത്. ആദിമ സഭയിൽ സാക്ഷ്യം എന്നത് രക്തസാക്ഷിത്വത്തിലേക്ക് വരെ നയിക്കുന്നതായിരുന്നു. മരണത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ടാണ് ആദിമസഭയിലെ ആദ്യ രക്തസാക്ഷിയായ സ്തേഫാനോസ് തന്റെ സാക്ഷ്യം ലോകത്തോടു വിളിച്ചുപറഞ്ഞത്. ക്രിസ്തുവിന്റെ സാക്ഷിയിൽ 'സ്വയം' ഇല്ലാതാവുകയും ക്രിസ്തു വളരുകയും ചെയ്തുകൊണ്ടിരിക്കും. ഒരു യഥാർത്ഥ സാക്ഷിയുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം ക്രിസ്തുവിനും രണ്ടാം സ്ഥാനം മറ്റുള്ളവർക്കും മൂന്നാം സ്ഥാനം മാത്രം തനിക്കും നൽകുന്ന സമീപനമാണ് പ്രകടമായി കാണേണ്ടത്. ഇത് നാം വിസ്മരിച്ചു പോകരുത്. നമ്മുടെ വിഭവങ്ങളുടെ കാര്യവിചാരകത്വം നാം നിർവ്വഹിക്കേണ്ടത് ഈ ഒരു ദർശനത്തോടുകൂടിയായിരിക്കണം. ജൂലൈ രണ്ടാം തീയതി ഞായറാഴ്ച വിഭവങ്ങളുടെ കാര്യവിചാരകത്വത്തെക്കുറിച്ചാണ് സഭയായി നാം ധ്യാനിക്കുന്നത്.

ജൂലൈ 3-ാം തീയതി വെള്ളിയാഴ്ച മാർത്തോമ്മാ ശ്ലീഹാ നാളാണ്. ശിഷ്യന്മാരുടെ കൂട്ടത്തിൽ തോമാസ് അപ്പൊസ്തലനാണ് യുക്തി ചിന്താപൂർവ്വം കാര്യങ്ങളെ സമീപിച്ചിരുന്ന ഒരു ശിഷ്യൻ. സംശയം എന്നത് തോമാസിന്റെ ദൗർബല്യമായിരുന്നില്ല, ശക്തിയായിരുന്നു. തോമാസ് ഉയിർത്തെഴുന്നേറ്റ കർത്താവിനെ തിരിച്ചറിഞ്ഞ് അംഗീകരിക്കാൻ വ്യക്തമായ നിബന്ധനകൾ വെച്ചത് കൂടുതൽ നിശ്ചയത്തോടും ഉറപ്പോടും ധൈര്യത്തോടുംകൂടി തന്റെ ഗുരുവിനെ അംഗീകരിക്കാനും പ്രഘോഷിക്കുവാനുമായിരുന്നു. തോമാസിന്റെ ആത്മാർത്ഥതയും ഹൃദയശുദ്ധിയും യുക്തി ചിന്താപരമായ സമീപനവും അറിയാമായിരുന്ന ക്രിസ്തു തോമാസും കൂടി ശിഷ്യന്മാരുടെ കൂട്ടത്തിലുള്ളപ്പോൾ പ്രത്യക്ഷപ്പെട്ട് തോമാസിനോട് സംശയം തീർത്തുകൊൾവാൻ ആവശ്യപ്പെട്ടപ്പോൾ ഒരു പരീക്ഷണത്തിന് മുതിരാതെ "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ" എന്ന് പ്രഖ്യാപിച്ചത് തോമാസിന്റെ ഉറച്ച വിശ്വാസത്തിന്റെ ഏറ്റവും വലിയ തെളിവും അടയാളവുമായി കാണുവാൻ കഴിയും. തോമാസ് ശ്ലീഹായുടെ ഈ വിശ്വാസ പ്രഖ്യാപനം ഒരു പ്രസ്താവനയിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. ഈ ശ്രേഷ്ഠനായ അപ്പൊസ്തലൻ ഈ വിശ്വാസത്തിനുവേണ്ടിയാണ് ഭാരതത്തിലേക്ക് കടന്നുവന്ന് മലങ്കരയിൽ സുവിശേഷത്തിന്റെ ദീപശിഖകൾ തെളിച്ചതിനുശേഷം ഭാരതമണ്ണിൽ രക്തസാക്ഷിയായി വീണത്. തോമാസ് ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ പിൻതുടർച്ചക്കാരാകുവാൻ നമുക്കും ഉത്തരവാദിത്വം ഉണ്ട്. ജൂലൈ 9-ാം തീയതി ഞായറാഴ്ച വിശുദ്ധ പട്ടത്വത്തെക്കുറിച്ച് നാം ധ്യാനിക്കുന്ന ദിവസമാണ്. 'വൈദികർ-ദൈവിക ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടവർ' എന്ന ചിന്താവിഷയമാണ് നാം അന്നു ധ്യാനിക്കുന്നത്. ജൂലൈ 16-ാം തീയതി ഞായറാഴ്ച 'ദൈവജനം ക്രിസ്തുവിന്റെ സ്ഥാനാപതികൾ' എന്ന വിഷയത്തെക്കുറിച്ചും 23-ാം തീയതി ഞായറാഴ്ച 'ദൈവജനത്തെ സജ്ജമാക്കാനുള്ള ദൈവശാസ്ത്ര അഭ്യസന'ത്തെക്കുറിച്ചും നാം ധ്യാനിക്കുന്നു. പരസ്പരം ചേർത്തുവച്ച് ധ്യാനിക്കേണ്ട ചിന്തകളാണ് ഇവയെല്ലാം. നാമെല്ലാവരും ദൈവീക ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന രാജകീയ പുരോഹിത വർഗ്ഗത്തിലുൾപ്പെടുന്നവരാണ്. നാം ക്രിസ്തുവിന്റെ സ്ഥാനപതികളായി തീരുമ്പോൾ ദൈവത്തിന്റെ മനുഷ്യമുഖമായി ക്രിസ്തു മാറിയതുപോലെ ക്രിസ്തുവിന്റെ മനുഷ്യമുഖം നമ്മിലൂടെയും ലോകത്തിന് തിരിച്ചറിയാൻ കഴിയണം. വചനധ്യാനവും ദൈവശാസ്ത്ര അഭ്യസനവും ഇക്കാര്യത്തിൽ നമ്മെ സജ്ജരാക്കാനുള്ള ശ്രേഷ്ഠമായ മുഖാന്തിരങ്ങളാണ്. സൂര്യന്റെ ഉഗ്രരശ്മികൾ ചന്ദ്രമുഖത്ത് പതിക്കുമ്പോൾ ചന്ദ്രൻ ഭൂമിക്കു നൽകുന്നത് കുളിർമ്മയുള്ള രശ്മികളാണ്. അതുപോലെ ദൈവീക പ്രകാശം ഏറ്റുവാങ്ങി ലോകത്തിന് സ്നേഹത്തിന്റെ കുളിർമ്മ പകരുവാൻ നമുക്കും കഴിയണം. ജൂലൈ 30-ാം തീയതി ഞായറാഴ്ച സകലർക്കുമുള്ള സുവിശേഷം എന്ന ഭാഗം നാം ധ്യാനിക്കുന്നു. മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത് യേശുക്രിസ്തു സുവിശേഷത്തിന്റെ ആരംഭം എന്ന ദർശനത്തോടെയാണ്. യേശുക്രിസ്തുവാണ് സുവിശേഷം. യേശുക്രിസ്തു എല്ലാവർക്കുംവേണ്ടിയുള്ള ദൈവത്തിന്റെ സുവിശേഷമാണ്. അതുകൊണ്ട് സുവിശേഷം സകലർക്കും വേണ്ടിയുള്ളതാണ്. സകലർക്കും വിടുതലും സൗഖ്യവും പുതുക്കവും നൽകുന്നതാണ് ക്രിസ്തു എന്ന സുവിശേഷം. ഈ സുവിശേഷം പ്രതീക്ഷാ നിർഭരമാണ്. ഇത് നമുക്ക് പ്രത്യാശ നൽകുന്നതാണ്. അതുകൊണ്ടാണ് ഡോ. സ്റ്റാൻലി ജോൺസ് ഒരിക്കൽ മാരാമൺ കൺവൻഷൻ കഴിഞ്ഞ് മടങ്ങിപ്പോകാനൊരുങ്ങുമ്പോൾ "രണ്ടു വർഷം കഴിഞ്ഞ് ഇനിയും മാരാമണ്ണിന് വരുമോ?" എന്ന് ഒരാൾ ചോദിച്ചപ്പോൾ സ്റ്റാൻലി ജോൺസ് ഇപ്രകാരം മറുപടി പറഞ്ഞത്- "എനിക്ക് എന്റെ ഭാവി എന്തെന്ന് അറിയേണ്ട കാര്യമില്ല; എന്നാൽ എന്റെ ഭാവി ആരുടെ കൈയ്യിലാണെന്ന് എനിക്ക് നിശ്ചയമുണ്ട്". കാലം ചെയ്ത യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി 84-ാം വയസ്സിൽ പറഞ്ഞു "പുതിയ സംവത്സരത്തിന്റെ അനുഭവങ്ങൾ എനിക്കറിയില്ല. എന്നാൽ ഒന്നറിയാം-എന്റെ അനുഭവങ്ങളുടെ കൂടെ ആരുണ്ട് എന്നെനിക്ക് നിർണ്ണയമുണ്ട്". ഇതായിരിക്കണം ക്രിസ്തു എന്ന സുവിശേഷം നമുക്ക് നൽകുന്ന പ്രത്യാശ. "വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു" (എബ്രാ.11:1).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
22-06-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**